പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1592 | 14.06.2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത് |
| --- | --- |
| **സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പീഡനങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ നിലവിലുണ്ട്. ഇതിൻ പ്രകാരം വനിതകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾക്ക് എതിരെ ഗാർഹിക പീഡന നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.<br>കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രൂപീകരിച്ച ചൈൽഡ് വെൽഫയർ കമ്മറ്റികൾ 14 ജില്ലകളിലും നിലവിലുണ്ട്.<br>ഇതിന് പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനായി നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പീഡനങ്ങൾക്കിരയായ സ്ത്രീകൾക്കും കുട്ടികൾക്കും വിവിധ സഹായങ്ങൾ നൽകുന്നതിനായി One-stop crisis cell, 14 ജില്ലാ ആശുപത്രികളോടും 6 താലൂക്ക് ആശുപത്രികളോടും അനുബന്ധിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

| | |
|---|---|
| (സി) ഇത്തരത്തിലുള്ള പീഡനക്കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കോടതികളിലും വനിതാക്കമ്മീഷനിലും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (സി) പീഡന കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് വനിതാ കമ്മീഷൻ എല്ലാ ജില്ലകളിലും മാസം തോറും അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം ജില്ലയിലെ കേസുകൾ തീർപ്പാക്കുന്നതിന് കമ്മീഷൻ ഓഫീസിൽ സിറ്റിംഗുകളും സംഘടിപ്പിക്കാറുണ്ട്. അദാലത്തിൽ ഇരു കക്ഷികളുടെയും വാദങ്ങൾ കേട്ട ശേഷം ആവശ്യമുണ്ടെങ്കിൽ കൗൺസലിംഗും നിയമോപദേശവും നൽകി വരാറുണ്ട്.<br>പീഡനകേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിനായി മൂന്ന് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമാകുകയും അതിലൊന്ന് എറണാകുളത്ത് 27.1.2013 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**